# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2253

11.06.2018 — ൽ മറുപടിക്ക്

## ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട വഴി ഭക്ഷ്യധാന്യം എത്തിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സഞ്ചരിക്കുന്ന റേഷൻകട 14.07.17 മുതൽ തൃശ്ശൂർ താലൂക്കിൽ ആരംഭിച്ചു. ചാലക്കുടി താലൂക്കിലെ ആദിവാസി കോളനികളിലെ 296 കുടുംബങ്ങൾക്ക് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാസത്തിൽ 2 ദിവസം അർഹതപ്പെട്ട റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതി 29.03.2018 മുതൽ ആരംഭിച്ചു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഊരുകളിൽ ഈ പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ; | | |
| (സി) ശേഷിക്കുന്ന ഊരുകളിൽ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ഡി) ഇക്കാര്യത്തിലുണ്ടായ വീഴ്ച അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ